# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 11.07.2016 -ൽ മറുപടിക്ക്
നമ്പർ : 901

### കോവളം മണ്ഡലത്തിലെ തീരദേശ പട്ടയ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. .എം. വിൻസെന്റ് | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോവളം നിയോജക മണ്ഡലത്തിൽ തീരദേശ പട്ടയം ലഭിക്കുന്നതിനായി 2012 മുതൽ എത്ര അപേക്ഷ റവന്യൂ അധികാരികൾക്ക് ലഭ്യമായിട്ടുണ്ട്; നാളിതുവരെ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്നും അവർക്ക് എന്ന് പട്ടയം നൽകുമെന്നും വ്യക്തമാക്കാമോ; | (എ) കോവളം നിയോജക മണ്ഡലത്തിൽ തീരദേശ പട്ടയം ലഭിയ്ക്കുന്നതിനായി 2012 മുതൽ 2957 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും 1167 പേർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ലഭ്യമായ 1589 അപേക്ഷകളിന്മേൽ പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച നിയമാനുസൃത നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| (ബി) തീരദേശ പട്ടയത്തിനായി നൽകിയ അപേക്ഷകളിൻ മേൽ പരിശോധന പൂർത്തിയായിട്ടുണ്ടോ; ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ; | തീരദേശ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ പരിശോധന പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി നെയ്യാറ്റിൻകര തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) തീരദേശ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും കഷ്ടതയും കണക്കിലെടുത്ത് വേഗത്തിൽ ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നിർദേശം നൽകുമോ? | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനായി ഏറ്റെടുത്ത ഭൂമിയ്ക്കായി പകരം അനുവദിച്ച ഭൂമിയ്ക്ക് ഉപാധിരഹിത പട്ടയം നൽകണമെന്ന തീരദേശ വാസികളുടെ ആവശ്യം പരിഗണനയിലാണ്. |

Deepa

സെക്ഷൻ ഓഫീസർ